# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 8077/11/12/2023/ TVM**

പരാതികക്ഷി : ബിനീഷ് രാമചന്ദ്രൻ
സി.നമ്പർ. 4640,സെൻട്രൽ പ്രിസൺ
പൂജപ്പുര

എതിർകക്ഷികൾ

**ഉത്തരവ് തീയതി 08.10.2024**

പൂജപ്പുര സെൻട്രൽ ജയിലിലെ തടവുകാരനാണ് പരാതികക്ഷി. ജയിലിൽ ഡ്രെയിനേജ് പണിയാണ് ചെയ്തുവരുന്നതെന്നും, തൻെറ ശരീരം മുഴുവൻ ചൊറിച്ചിൽ ഉണ്ടായതിനെ തുടർന്ന് 26/09/2023 തീയതി ജയിൽ ഹോസ്പിറ്റലിൽ ഡോക്ടറെ കാണുന്നതിനുവേണ്ടി ഒ.പി ടിക്കറ്റ് എടുത്ത ടിയാനെ ആശുപത്രി ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സഹതടവുകാരൻ അജീഷ് എന്നയാൾ ഒ.പി ടിക്കറ്റ് തിരികെ വാങ്ങി ആക്ഷേപിച്ചു ഇറക്കിവിട്ടതായും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ സൂപ്രണ്ട്, സെൻട്രൽ പ്രിസൺ ആൻറ് കറക്ഷണൽ ഹോം പൂജപ്പുര 13/12/2023 തീയതി ഒരു റിപ്പോർട്ട് സമർപ്പിച്ചു. ജയിൽ ആശുപത്രിയിലെ സഹായികളായ മറ്റ് 7 തടവുകാരെപോലെ തന്നെ അജീഷും ആശുപത്രിയിലെ ഒരു സഹായിയും ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിലും നിർദ്ദേശങ്ങൾ അനുസരിച്ചും ജോലി ചെയ്തുവരുന്ന ഒരു തടവുകാരൻ മാത്രമാണെന്നും, ആയതിനാൽ പരാതിയുടെ നിജസ്ഥിതി അന്വേഷിക്കുന്നതിനായി ആശുപത്രിയുടെ മേൽനോട്ട ചുമതല വഹിച്ചുവരുന്ന ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ.അജിത്ത് കുമാറിനോട് പരാതിയെ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായതായും, ഡോക്ടറെ കാണുന്നതിനായി ആശുപത്രിയിൽ വരുന്ന എല്ലാ തടവുകാർക്കും ഡോക്ടറെ കാണുന്നതിനുള്ള സൗകര്യം ഒരുക്കാറുണ്ടെന്നും, പരാതിക്കാരൻ ചികിത്സയ്ക്കായി വന്നിരുന്ന ദിവസങ്ങളിലെല്ലാം ഡോക്ടറെ കാണുന്നതിനുള്ള അവസരം നൽകിയിട്ടുണ്ടെന്നും, പരാതിക്കാരൻ പരാതിയിൽ പറയുംപ്രകാരം 26/09/2023 തീയതിയിൽ ജയിൽ ആശുപത്രിയിൽ വന്നിട്ടില്ലായെന്നും, കൂടാതെ ആശുപത്രിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥനെന്ന നിലയിൽ പരാതിയെ സംബന്ധിച്ച് യാതൊന്നും തന്നെ പരാതിക്കാരൻ ടിയാൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ലായെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതി വിചാരണക്കെടുത്ത 08.10.2024 തീയതി പരാതികക്ഷി ഹാജരായി.. ഭാവിയിൽ ഇത്തരം പരാതികൾക്ക് ഇട നൽകാതെ ആശുപത്രിയിൽ നിന്നുള്ള സേവനം യഥാസമയം ആവശ്യമുള്ള തടവുകാർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് സൂപ്രണ്ടിനോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് സൂപ്രണ്ട്, സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം പൂജപ്പുര പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ